IV നിയമ നിർമ്മാണകാര്യം

1. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2003-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ (ചർച്ച തുടർച്ച)

(ഒന്നാം വകുപ്പും പീഠികയും പേരും ചർച്ച തുടർച്ച)

ശ്രീ. എ. കെ. ബാലൻ സർ, ഒരുകാര്യം പറയാനുണ്ട്. 2003 ഫെബ്രുവരി 4-ാം തീയതി ബഹുമാനപ്പെട്ട ഹൈക്കോടതി പാസ്സാക്കിയ ജഡ്ജ്മെന്റിനെ മറികടക്കുന്നതിനുവേണ്ടിയാണ് നമ്മൾ നേരത്തെ സെക്ഷൻ 29-ന് ഭേദഗതി നിയമം കൊണ്ടുവന്നത്. സെക്ഷൻ 29-പ്രാബല്യത്തിൽ വരുന്നത് 2003 മാർച്ച് 29-ാം തീയതിയാണ്. 2003 മാർച്ച് 29-ാം തീയതി പ്രാബല്യത്തിൽ വരുന്ന ഈ നിയമം കൊണ്ട് 2003 ഫെബ്രുവരി മാസം 4-ാംതീയതി ഹൈക്കോടതി പുറപ്പെടുവിച്ച ജഡ്ജ്മെന്റിനെ മറികടക്കുവാൻ കഴിയുകയില്ല. അതുകൊണ്ട്...

മി. സ്പീക്കർ ഇത് കഴിഞ്ഞ തവണ നമ്മൾ പറഞ്ഞതല്ലേ.

ശ്രീ. എ. കെ. ബാലൻ അതുകൊണ്ട് മുനിസിപ്പാലിറ്റിയുമായി ബന്ധപ്പെട്ടുകൊണ്ടുള്ളതുപോലെതന്നെ ഇത് പഞ്ചായത്ത് രാജിനും ബാധകമാണ്. പഞ്ചായത്ത് രാജ് ഭേദഗതി ബിൽ ആ രൂപത്തിൽ പാസ്സായത് ഒരു രൂപത്തിലും ഡിസ്ക്വാളിഫിക്കേഷൻ ഇല്ലാതെയാക്കാൻ നമുക്ക് കഴിയുകയില്ല. അതുകൊണ്ട് ആ ഒരു ക്ലാരിഫിക്കേഷൻ ഇതിന്റെ ഭാഗമായി വരണം.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, മുനിസിപ്പാലിറ്റി ഭേദഗതി നിയമം കഴിഞ്ഞ ദിവസം ഇവിടെ എടുത്തപ്പോൾ ബഹുമാനപ്പെട്ട തോമസ് ഉണ്ണിയാടൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയുണ്ടായി. അദ്ദേഹം വളരെ ഭംഗിയായി അദ്ദേഹത്തിന്റെ കേസ് അവതരിപ്പിച്ചുകൊണ്ട് പറഞ്ഞത് ഹൈക്കോടതി തീരുമാനമുണ്ടായ ഫെബ്രുവരി 2003, 4-ാം തീയതി മുതൽ റിട്രോസ്പെക്ടീവായിട്ട് വാലിഡേഷൻ ക്ലോസിന് പ്രാബല്യം കൊടുക്കണം : ഇല്ലെങ്കിൽ അത് ശരിയായിരിക്കുകയില്ല എന്ന് അദ്ദേഹം വാദിക്കുകയുണ്ടായി. അദ്ദേഹം അത് വളരെ സമർത്ഥമായി അവതരിപ്പിച്ചുവെങ്കിലും എന്റെ അഭിപ്രായത്തിൽ അതിന്റെ ആവശ്യമില്ല. ഹൈക്കോടതി തീരുമാനത്തിന്റെ തീയതിയിലേക്ക് കൊണ്ടുപോകേണ്ട കാര്യമില്ല. സത്യത്തിൽ ഡിസ്ക്വാളിഫിക്കേഷൻ ഉണ്ടായിരുന്നത് ഹൈക്കോടതി ഡിസിഷന്റെ ഡേറ്റിലല്ല. ഹൈക്കോടതി ഡിസിഷൻ ഡേറ്റിൽ ഒരു കാര്യം ഇന്റർപ്രട്ട് ചെയ്തുവെന്നു മാത്രമേയുള്ളൂ. അസാധുവായത് വാസ്തവത്തിൽ 24-3-1999-ലാണ്, അതായത് പഴയ നിയമത്തിൽ. ഭരണഘടനയിൽ പരമാധികാരവും, അഖണ്ഡതയും ഉയർത്തിപ്പിടിക്കുന്നതായിരിക്കും എന്ന് സത്യപ്രതിജ്ഞ ചെയ്ത ഡേറ്റ് 29-3-1999 ആണ്. അപ്പോൾ ഡിസ്ക്വാളിഫിക്കേഷൻ വാസ്തവത്തിൽ വരുന്നത് 29-3-1999 മുതൽ ആണ്, ഹൈക്കോടതി ജഡ്ജ്മെന്റ് മുതലല്ല. അതിനെയാണ് ഈ നിയമം കവർ ചെയ്തിരിക്കുന്നത്. അത് സബ്സ്റ്റാന്റീവ് ക്ലോസ് വഴിയാണ്. 2-ാത്തെ വകുപ്പിൽ പറയുന്നത് Provided that even if a candidate has omitted any word or words inadvertently when

LIBRARY ARCHIVES Kerala Legislative Assembly

hc makes the subscriber's signature in such form ... etc.....schedule he shall not be considered as disqualified for the meeting as much earlier. അപ്പോൾ ഈ സബ്സ്റ്റാന്റീവ് ക്ലാസ് കൊണ്ടുവരുന്നത് 24-3-1999-നു ശേഷം ഈ ഓർഡിനൻസിനു മുമ്പ് ആരെങ്കിലും തെറ്റായ വാചകത്തിൽ സത്യപ്രതിജ്ഞ ചെയ്തിട്ടുണ്ടെങ്കിൽ അതിനു നിയമ പ്രാബല്യം കൊടുക്കുന്നതിനാണ്. ഹൈക്കോടതിയിൽ ഇത്തരത്തിൽ രണ്ട് കേസുകളാണുള്ളത്. സത്യപ്രതിജ്ഞ സംബന്ധിച്ച് ഹൈക്കോടതി നിയമം ഇന്റർപ്രട്ട് ചെയ്തപ്പോൾ സത്യപ്രതിജ്ഞ ചെയ്തത് മുഴുവൻ തെറ്റായിട്ടാണ് കണ്ടത്. ഈ നിയമത്തെ സംബന്ധിച്ചിടത്തോളം 24-3-1999 മുതൽ സത്യപ്രതിജ്ഞ ചെയ്ത എല്ലാവരുടെയും സത്യപ്രതിജ്ഞയ്ക്ക് നിയമപ്രാബല്യം കൊടുത്തുകൊണ്ട്, റിട്രോസ്പെക്ടീവായിട്ട് സബ്സ്റ്റാന്റീവ് ക്ലാസ് കൊണ്ടുവന്നിരിക്കുകയാണ്. വാലിഡേഷനുവേണ്ട ക്ലാസും ഇതുപോലെ തന്നെയാണ്. ഓർഡിനൻസിനുമുമ്പ് ചെയ്തിട്ടുള്ള പ്രവൃത്തിയെ സംബന്ധിച്ചിടത്തോളം അവിടെ നമുക്ക് വാലിഡേഷൻ കൊടുക്കുന്ന ഒരു നിയമമാണ്. വാലിഡേഷൻ ക്ലാസിനുള്ള പ്രത്യേകത Deeming provision ആണ്. വാലിഡേഷൻ ക്ലാസിൽ എപ്പോഴും ഡീമിംഗ് ക്ലാസ് റിട്രോസ്പെക്ടീവ് ആണ്. വാലിഡേഷൻ ക്ലാസും ഇവിടെ കൊണ്ടുവന്നിരിക്കുന്നത് റിട്രോസ്പെക്ടീവായിട്ടാണ്. ഏതു ഭാഷ ഉപയോഗിക്കണമെന്നുള്ളതാണ്. സാധാരണ വാലിഡേഷൻ ക്ലാസിൽ ഡീമിംഗ് ക്ലാസ്സാണ് ഉപയോഗിക്കുക. ഇതിന്റെ അർത്ഥം റിട്രോസ്പെക്ടീവ് എന്നുള്ളതാണ്. An introduction to Legislative drafting by P.M. Bakshi, ലാ കമ്മിഷനിലെ മെമ്പറായിരുന്ന പി.എം. ബക്ഷി കോൺസ്റ്റിറ്റ്യൂഷണൽ എക്സ്പേർട്ട് ആണ്. അദ്ദേഹം ഡ്രാഫ്ടിംഗിനെ സംബന്ധിച്ചിടത്തോളം സ്പെഷ്യൽ ഡ്രാഫ്ടിംഗിന്റെ ലക്ച്ചറർ ആയിരുന്നു. ഇന്ത്യയിലുള്ള അധികാരികളിൽ പ്രധാനപ്പെട്ട ആളാണ്. അദ്ദേഹം പേജ് 127-ൽ പറയുന്നത് As a matter of legislative drafting, Validating Acts generally contain a deeming provision. This is understandable, because a big fragment of reality is sought to be obliterated by positive law. Thus, in India it has been held that the phrase, "shall be deemed always to law meant" is, in plain terms, retrospective. Shall be deemed എന്നു പറഞ്ഞാൽ അത് എപ്പോഴും റിട്രോസ്പെക്ടീവ് ആണ് എന്നുള്ളതാണ് അർത്ഥം. ഇവിടത്തെ വാലിഡേഷൻ ക്ലാസിനെ സംബന്ധിച്ചിടത്തോളം അതിൽ പറഞ്ഞിരിക്കുന്നത് hc shall not deemed to be disqualified എന്നു പറയുമ്പോൾ അത് റിട്രോസ്പെക്ടീവ് ആവുകയാണ്. റിട്രോസ്പെക്ടീവ് എന്നുള്ള വാക്ക് ഉപയോഗിക്കണമെന്നില്ല. അതിന്റെ അർത്ഥം റിട്രോസ്പെക്ടീവാണ്. അതുകൊണ്ട് ഇതിനെ സംബന്ധിച്ചിടത്തോളം ഒന്ന്, സബ്സ്റ്റാന്റീവ് ക്ലാസിനോട് മുഴുവൻ കവർ ചെയ്തുകഴിഞ്ഞിരിക്കുന്നു. രണ്ടാമത് ഹൈക്കോടതിയിൽ വിധിയുണ്ടായതു കൊണ്ട് ആ വിധിയെ കവർ ചെയ്യാൻ വേണ്ടി ഡിമാന്റ് പറഞ്ഞുകൊണ്ട് റിട്രോസ്പെക്ടീവ് ആക്കിയിരിക്കുന്നു. രണ്ടു തരത്തിലും നമ്മൾ സംരക്ഷണം കൊടുത്തിട്ടുണ്ട്. ഒരു കാര്യം കൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കേരളത്തിൽ ഇതനുസരിച്ച് ധാരാളം നിയമങ്ങൾ വന്നിട്ടുണ്ട്. ആ നിയമങ്ങളുടെയെല്ലാം പേര് ഞാൻ പറയുന്നില്ല. കേരളത്തിൽ ഈ നിയമസഭ

LIBRARY ARCHIVES Kerala Legislative Assembly

പാസ്സാക്കിയ നിരവധി നിയമങ്ങളുണ്ട്. ഉദാഹരണത്തിന് Madras Commercial Crops Markets Amendment and Validation Ordinance അതിൽത്തന്നെ ഇതുപോലെ deemed ആണ്. റിട്രോസ്പെക്ടീവ് ആക്കിയിട്ടില്ല. ഈ നിയമസഭയിൽ പാസ്സാക്കിയ നിരവധി നിയമങ്ങളിൽ അങ്ങനെ ആക്കിയിട്ടില്ല. വാലിഡേഷൻ ക്ളോസ് deemed വച്ചുകൊണ്ട് റിട്രോസ്പെക്ടീവ് ആക്കുകയാണുണ്ടായത്. ഏറ്റവും ലേറ്റസ്റ്റായിട്ട് വേറൊരു കാര്യം പറയട്ടെ. വാലിഡേഷൻ ക്ളോസ് വേണമെന്നില്ല. സുപ്രീം കോടതിയുടെ ഡിസിഷനനുസരിച്ച് എ.ഐ.ആർ 1975 സുപ്രീം കോർട്ട് 1116-ാം പേജിൽ അവർ പറയുന്നത് സബ്സ്റ്റാന്റീവ് ക്ളോസ് നിയമത്തിൽ ഉണ്ടെങ്കിൽ വാലിഡേഷൻ ക്ളോസിന്റെ ആവശ്യമേയില്ല എന്നാണ്. ഇത് ഒരു അക്കാഡമിക് ആയിട്ടുള്ള വിഷയമായതു കൊണ്ട് നമ്മളെല്ലാം മനസ്സിലാക്കിയിരിക്കാൻ ഞാൻ പറയുകയാണ്. അതിനകത്ത് ജഡ്ജ്മെന്റിൽ, Once a law is given retrospective effect as from a particular date all actions taken under the Act after that date but before the amendment was made would be deemed to have been taken under the Act as amended and there could be really no question of having to validate any action already taken. The question of the particular form of the validation would always depend on the circumstances of a case and no general formula can be devised for all circumstances. In the present case the action taken being in accordance with the amended rule was legally a valid action and there was no need..... അതാണ് പ്രധാനം to have a validating provision in respect thereof..... അതുകൊണ്ട് ഏറ്റവും അതോറിറ്റേറ്റീവ് ആയിട്ട് എനിക്ക് പറയുവാനുള്ളത്, റെട്രോസ്പെക്ടീവായിട്ട് സബ്സ്റ്റാന്റീവ് പ്രൊവിഷൻ ഉള്ള സ്ഥിതിക്ക് വാലിഡേഷൻ ഇല്ലെങ്കിൽപോലും സുപ്രീംകോടതി ഡിസിഷൻ അനുസരിച്ച് ശരിയാണ്, ആവശ്യമില്ല. ഇവിടെ ഒരു വാലിഡേഷനുണ്ട്. ആ വാലിഡേഷൻപോലും ഡീമിംഗ് ക്ളോസ് കൊടുത്തുകൊണ്ട് റെട്രോസ്പെക്ടീവ് ആക്കിയിരിക്കുകയാണ്. അതുകൊണ്ട് ഇതിനകത്ത് നിയമപരമായ പിശകൊന്നുമില്ല.

മി. സ്പീക്കർ : ഇതിനിപ്പോൾ വലിയ തർക്കമൊന്നുമില്ല.

ശ്രീ. എ. എൻ. രാജൻ ബാബു : ഉണ്ട്.

മി. സ്പീക്കർ : ഇത് ഫസ്റ്റ് ക്ളാസ് ഉള്ളിടത്തോളം കുഴപ്പമില്ല. കഴിഞ്ഞ തവണ ഇത് ആരും പോയിന്റൗട്ട് ചെയ്തില്ല എന്നതാണ് പ്രശ്നം. ആദ്യം പറഞ്ഞല്ലോ ഈ ആക്ടിലെ 2-ാം വകുപ്പ് 1999 മാർച്ച് മാസം 24-ാം തീയതി പ്രാബല്യത്തിൽ വന്നു. അത് പറഞ്ഞിട്ടുണ്ട്. അത് കഴിഞ്ഞ തവണ ആരും പോയിന്റൗട്ട് ചെയ്തില്ല. അതാണ് കുഴപ്പം പറ്റിയത്. ഇതിൽ വേറെ പ്രശ്നമൊന്നുമില്ല. സമയം നീളുകയാണ് എന്നതേയുള്ളൂ.

(ബഹളം)

മി. സ്പീക്കർ : No...No... There is nothing wrong.

(ബഹളം)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എൻ. രാജൻ ബാബു : ഹൈക്കോടതി ജഡ്ജ്മെന്റ് നിലവിലുണ്ട്. തെരഞ്ഞെടുപ്പ് അസാധുവാക്കിക്കൊണ്ട് സുപ്രീംകോടതി റിപ്പീറ്റഡായിട്ട് പറഞ്ഞിട്ടുള്ളത്, 1976 A7SC, A Court's decision must always bind unless the condition in which it is .....are so fundamentally ..... ജഡ്ജ്മെന്റിന്റെ ബേസ് മാറ്റാതെ നിയമസഭയ്ക്ക് ജഡ്ജ്മെന്റ് ഇൻവോൾവ്ഡ് ആണെന്ന് ഡിക്ലയർ ചെയ്യാൻ പറ്റില്ല.

മി. സ്പീക്കർ : കറക്ട്.

ശ്രീ. എ. എൻ. രാജൻ ബാബു : ഒരു ക്വസ്റ്റ്യൻ, ഇവിടെ ജഡ്ജ്മെന്റ് ബേസ് മാറ്റിയിട്ടുണ്ടോ ഇല്ലയോ എന്നുള്ളതാണ്.

മി. സ്പീക്കർ : ഉണ്ട്.

ശ്രീ. എ. എൻ. രാജൻ ബാബു : മാറ്റിയിട്ടില്ല.

മി. സ്പീക്കർ : That is the difference between us. മാറ്റിയിട്ടുണ്ട്. ഞാൻ പറഞ്ഞത് അതാണ്. ഇതു പറഞ്ഞ് സമയം കളയണ്ട.

ശ്രീ. എ. എൻ. രാജൻ ബാബു : ബഹുമാനപ്പെട്ട സ്പീക്കർ, ഞാൻ പറയുന്നത് ഒന്നുകേട്ടിട്ട് പറയണം. ജഡ്ജ്മെന്റിന്റെ ബേസ് എന്നുപറയുന്നത്. He has not used the prescribed form കാരണം. 1994-ലെ 2-ാം ഷെഡ്യൂളിലെ ഫോം 1999-ൽ ഭേദഗതിചെയ്ത് മാറ്റി. അവിടെ നടന്നത് 1994-ലെ ഫോമിൽ സത്യപ്രതിജ്ഞ എടുക്കുകയും അത് ഒപ്പിട്ട് കൊടുക്കുകയുമാണ്. അതിന്റെ അടിസ്ഥാനത്തിൽ പ്രിസ്ക്രൈബ്ഡ് ഫോമിൽ അല്ല എന്നതുകൊണ്ടാണ് അത് അസാധുവാക്കിയത്. കഴിഞ്ഞ ദിവസം ശ്രീ. ജയരാജൻ ചൂണ്ടിക്കാണിച്ചതുപോലെ ഇതിന്റെ അമന്റ്മെന്റ് നിശ്ചിത ഫോറത്തിൽ അല്ലെങ്കിൽ എന്ന് ആകേണ്ടതായിരുന്നു. പക്ഷെ ഇവിടെ ഏതെങ്കിലും വാക്കുകൾ വിട്ടിട്ടുണ്ടെങ്കിൽ അതുകൊണ്ട് അയോഗ്യത വരുന്നില്ല എന്നാണ് സബ്സ്റ്റാന്റീവ് ക്ലാസ്സിൽ പറഞ്ഞിരിക്കുന്നത്. എന്നാൽ ജഡ്ജ്മെന്റിന്റെ ബേസിസിൽ ഏതെങ്കിലും വാക്കുകൾ വിട്ടത് കൊണ്ടല്ല. 1994-ലെ ഫോറം എന്നാണ് പറഞ്ഞതും ഒപ്പിട്ടതും. അതിൽ യാതൊരു വാക്കും ഒമിറ്റുചെയ്തിട്ടില്ല.

മി. സ്പീക്കർ : You are bringing another point. You are pointing out another point.

ശ്രീ. എ. എൻ. രാജൻ ബാബു : യാതൊരു വാക്കും അതിനകത്ത് ഒമിറ്റുചെയ്തിട്ടില്ല. ഹൈക്കോടതി ജഡ്ജ്മെന്റിൽ പറയുന്നത് പ്രിസ്ക്രൈബ്ഡ് ഫോമിൽ അല്ലാത്തതുകൊണ്ടാണ് എന്നാണ്. അതുകൊണ്ട് നിശ്ചിത ഫോമിൽ അല്ലാത്തത് എന്നുള്ള സബ്സ്റ്റാന്റീവ് ക്ളാസ് വരാത്തതുകൊണ്ട്,.....

മി. സ്പീക്കർ : ഇതൊക്കെ ആദ്യം പറയേണ്ടതാണ്.

ശ്രീ. എ. എൻ. രാജൻ ബാബു : ഈ ബില്ലുകൊണ്ട് ജഡ്ജ്മെന്റിന്റെ ബേസിസ് മാറ്റുന്നില്ല.,.....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ശ്രീ. ബിനോയ് വിശ്വം, അങ്ങയുടെ 93-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. ബിനോയ് വിശ്വം : പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീ. ബിനോയ്വിശ്വം അവതരിപ്പിച്ച 93-ാം നമ്പർ ഭേദഗതിയെ അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 95-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ .....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, പോൾ വേണം.

മി. സ്പീക്കർ : ശ്രീ. കോടിയേരി ബാലകൃഷ്ണൻ കഴിഞ്ഞ തവണ തള്ളിയതല്ലേ പിന്നെ എന്തിനാണ് പോൾ ?

(ബഹളം)

കഴിഞ്ഞ തവണ നമ്മൾ എല്ലാം തള്ളിയതാണ്. തള്ളിയതിനുശേഷം ഇത് പാസ്സാക്കുന്നതിനുമുമ്പാണ് ഈ പ്രശ്നം വന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ശ്രീ. തോമസ് ഉണ്ണിയാടന്റെ ഭേദഗതി എടുത്തതിനുശേഷമാണ് ഈ പ്രശ്നം വന്നത്.

മി. സ്പീക്കർ : അതു പരിശോധിക്കാം. അമന്റ്മെന്റ് നംപർ എത്രയാണ്?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : 95

മി. സ്പീക്കർ : Are you demanding poll ?

ശ്രീ. കോടിയേരിബാലകൃഷ്ണൻ : Yes.

മി. സ്പീക്കർ : Yes, Bell please.

ശ്രീ. കെ. പി. രാജേന്ദ്രൻ : ശ്രീ. തോമസ് ഉണ്ണിയാടൻ ഇല്ല. ഇറങ്ങിപ്പോയി.

മി. സ്പീക്കർ : ബെല്ല് വേണ്ട. ശ്രീ. തോസ് ഉണ്ണിയാടൻ സീറ്റിലില്ല. ഒരാൾ ഒരു അമന്റ്മെന്റ് തന്നാൽ ആ ആൾ പോൾ സമയത്ത് സീറ്റിലില്ലെങ്കിൽ എന്തുചെയ്യണം ?

(ബഹളം)

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ശ്രീ. തോമസ് ഉണ്ണിയാടൻ അത് ഫ്ളോറിൽ തന്നതാണ്.

മി. സ്പീക്കർ : You please hear me : അതു സമ്മതിക്കുന്നു. It is only for clarification, I am not opposing it. ഇതുവരെയുള്ള പ്രീസിഡന്റ് അനുസരിച്ച് ഒരു ഭേദഗതി അവതരിപ്പിക്കുന്ന ആൾ ആ അമന്റ്മെന്റ് എടുക്കുമ്പോൾ സീറ്റിൽ ഇല്ലെങ്കിൽ സാധാരണ എന്തുചെയ്യും ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ബെല്ല് അടിച്ചതിനുശേഷമാണ് അദ്ദേഹം പുറത്തുപോയത്.

മി. സ്പീക്കർ : ബെല്ല് അടിച്ചപ്പോൾ ഉണ്ടായിരുന്നോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഉണ്ടായിരുന്നു.

മി. സ്പീക്കർ : വിത്ത്ഡ്രാ ചെയ്താലും ചെയ്തില്ലെങ്കിലും പോൾ വേണം എന്നാണോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : അതെ പോൾ വേണം.

മി. സ്പീക്കർ : ശ്രീ. തോമസ് ഉണ്ണിയാടൻ 19-6-2003-ന് അവതരിപ്പിച്ച 95-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കുന്നതിനെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ടുരേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ - 58

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. " കളത്തിൽ അബ്ദുള്ള
3. " പി. കെ. അബ്ദുറബ്ബ്
4. " കെ. അച്ചുതൻ
5. " സി. ടി. അഹമ്മദ്അലി
6. " എ. പി. അനിൽകുമാർ
7. " എ. കെ. ആന്റണി
8. " കെ. ബാബു
9. " ബാബുദിവാകരൻ
10. " ആർ. ബാലകൃഷ്ണപിള്ള
11. " വി. ബാലറാം
12. " പി. കെ. കെ. ബാവ
13. " ടി. വി. ചന്ദ്രമോഹൻ
14. " കെ. എ. ചന്ദ്രൻ
15. " എം. എ. ചന്ദ്രശേഖരൻ
16. " ഡൊമിനിക് പ്രസന്റേഷൻ

LIBRARY ARCHIVES Kerala Legislative Assembly

17. ശ്രീ. കെ. ബി. ഗണേഷ്കുമാർ
18. " എം. പി. ഗംഗാധരൻ
19. " പി. പി. ജോർജ്
20. " പ്രയാർ ഗോപാലകൃഷ്ണൻ
21. " വി. കെ. ഇബ്രാഹിം കുഞ്ഞ്
22. " ജോണി നെല്ലൂർ
23. " ജോസഫ് എം. പുതുശ്ശേരി
24. " പി. ജെ. ജോയി
25. " വർക്കല കഹാർ
26. " കെ. കുട്ടി അഹമ്മദ് കുട്ടി
27. " ലൂഡി ലൂയിസ്
28. " കെ. എം. മാണി
29. " കെ. മുഹമ്മദാലി
30. " കെ. മോഹൻ കുമാർ
31. " എ. കെ. മണി
32. " സി. മൊയിൻകുട്ടി
33. " സി. പി. മുഹമ്മദ്
34. " എം. മുരളി
35. " ഉമ്മൻ ചാണ്ടി
36. " എം. കെ. പോൾസൺ മാസ്റ്റർ
37. " വി. ജെ പൗലോസ്
38. " അടൂർ പ്രകാശ്
39. " റ്റി. എൻ. പ്രതാപൻ
40. " ജി. പ്രതാപവർമ്മ തമ്പാൻ
41. " തിരുവഞ്ചൂർ രാധാകൃഷ്ണൻ
42. ശ്രീമതി രാധാരാഘവൻ
43. ശ്രീ. എ. എൻ. രാജൻബാബു
44. " കെ. കെ. രാമചന്ദ്രൻ മാസ്റ്റർ

LIBRARY ARCHIVES Kerala Legislative Assembly

45. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
46. " തമ്പാനൂർ രവി
47. " റോഷി അഗസ്റ്റിൻ
48. " കെ. ശങ്കരനാരായണൻ
49. ശ്രീമതി മാലേത്ത് സരളാദേവി
50. ശ്രീ. വി. ഡി. സതീശൻ
51. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
52. ശ്രീ. കെ. കെ. ഷാജു
53. " സ്റ്റീഫൻ ജോർജ്
54. " കെ. സുധാകരൻ
55. " എൻ. സുന്ദരൻ നാടാർ
56. " പി. ടി. തോമസ്
57. " ഉമേഷ് ചള്ളിയിൽ
58. " കെ. പി. വിശ്വനാഥൻ

പ്രതികൂലിക്കുന്നവർ - 24

1. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
2. " മഞ്ഞളാംകുഴി അലി
3. " എ. എ. അസീസ്
4. " കോടിയേരി ബാലകൃഷ്ണൻ
5. " എ. കെ. ബാലൻ
6. " ടി. കെ. ബാലൻ
7. " ബിനോയ് വിശ്വം
8. " വി. കെ. ചന്ദ്രൻ
9. " വി. ചെന്താമരാക്ഷൻ
10. " ടി. കെ. ദേവകുമാർ
11. " എം. വി. ജയരാജൻ
12. " പി. ജയരാജൻ
13. " കെ. വി. കുഞ്ഞിരാമൻ

LIBRARY ARCHIVES Kerala Legislative Assembly

14. ശ്രീ. വി. കെ. സി. മമ്മത്കോയ

15. " സി. കെ. നാണു

16. ഡോ. എ. നീലലോഹിതദാസൻ നാടാൻ

17. ശ്രീ. കെ. രാധാകൃഷ്ണൻ

18. " കെ. പി. രാജേന്ദ്രൻ

19. " രാജുഏബ്രഹാം

20. " ടി. പി. രാമകൃഷ്ണൻ

21. " സാജു പോൾ

22. " എ. സി. ഷൺമുഖദാസ്

23. " പി. എസ്. സുപാൽ

24. ഡോ. തോമസ് ഐസക്

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ : 58

പ്രതികൂലിക്കുന്നവർ : 24

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടിരിക്കുന്നു.

1-ാം വകുപ്പും ഹീഠികയും പേരും

മി. സ്പീക്കർ : 1-ാം വകുപ്പും ഹീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ .....

1-ാം വകുപ്പും ഹീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും ഹീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തദ്ദേശസ്വയം ഭരണവകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) : സർ, 11.00 A.M.] സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2003-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : സർ ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2003-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

2. (i) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2003-ലെ കേരള പൊതുവിൽപ്പന നികുതി (രണ്ടാം ഭേദഗതി) ബിൽ

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2003-ലെ കേരള പൊതുവിൽപ്പന നികുതി (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2003-ലെ കേരള പൊതുവിൽപ്പന നികുതി (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. രണ്ടു, മൂന്ന് പ്രധാനപ്പെട്ട പോയിന്റുകൾ മാത്രമാണ് എനിക്ക് ഓർമ്മിപ്പിക്കാനുള്ളത്. സംസ്ഥാനത്ത് സെയിൽസ് ടാക്സ് ഡിപ്പാർട്ട്മെന്റിൽ പതിനെട്ടും ഇരുപതും വർഷമായി അസസ്മെന്റ് പൂർത്തിയാക്കാതെ ധാരാളം ജോലികൾ കിടക്കുകയാണ്. അതുകൊണ്ട് ഈ സംസ്ഥാനത്തിന് 200 മുതൽ 300 കോടി രൂപ വരെ നഷ്ടം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ആ അസസ്മെന്റ് ജോലി പൂർത്തിയാക്കുന്നതിനുവേണ്ടിയുള്ള നടപടി എടുക്കണം. ആ അസസ്മെന്റ് ജോലി പൂർത്തിയാകുന്നതോടുകൂടി സ്വാഭാവികമായി കെട്ടിക്കിടക്കുന്ന ഫയലുകൾ നമുക്ക് ക്ലിയർ ചെയ്യാൻ കഴിയും. അപ്പോൾ സംസ്ഥാനത്തിന്റെ എക്സ്ചെക്കറിൽ ആ തുക കൂടി വന്നുചേരും. മറ്റൊന്ന്, ഇവിടെ നെറ്റ് വർക്ക് സിസ്റ്റം ഓഫ് ഇന്റലിജൻസുണ്ട്. ചെക്ക്പോസ്റ്റുകൾവഴി അനധികൃതമായി കടത്തിക്കൊണ്ടു വന്നാൽ അതു പിടിക്കാൻ ഇന്റലിജൻസ് നെറ്റ് വർക്ക് വളരെ പോസിറ്റീവായി വർക്ക് ചെയ്യുന്നതുകൊണ്ടാണ് നമുക്ക് അതിന് ഭാഗികമായിട്ടെങ്കിലും കഴിയുന്നത്. ഇപ്പോഴത്തെ പ്രധാനപ്പെട്ട പ്രശ്നം, ഈ നെറ്റ് വർക്ക് ഇന്റലിജൻസിന്റെ അടിസ്ഥാനത്തിൽ, നമ്മൾ ഒരു വസ്തു കണ്ടുകെട്ടിയാൽ, ആ എസ്റ്റിമേറ്റിനെ ചുറ്റിപ്പറ്റിയുള്ള അന്വേഷണമല്ലാതെ, ആ ഇഷ്യൂവിന്റെ അടിസ്ഥാനത്തിൽ ഇതു കൊണ്ടുവരുന്ന വ്യക്തിക്കോ, അവരുടെ സ്ഥാപനത്തിനോ എതിരായി നമ്മൾ കേസ് എടുത്ത് ആ ഫയൽ അവിടം കൊണ്ട് ക്ലോസ് ചെയ്യുന്നതല്ലാതെ അതിനപ്പുറത്തേയ്ക്ക് ഇത് പോകുന്നില്ല. നമുക്ക് 7 ചെക്ക്പോസ്റ്റുകളുണ്ട്. ആ 7 ചെക്ക്പോസ്റ്റുകൾവഴി സാധനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly